**Feb: 28**

# KGBEU OU ബുള്ളറ്റിൻ 1/2022

സഖാക്കളെ,

വിഷയം: e Stamping

നമ്മുടെ ബാങ്കിൽ നിലനിൽക്കുന്ന സർക്കുലർ പ്രകാരം 01.02.2021 മുതൽ കഴിഞ്ഞ ഒരു വർഷത്തിലധികമായി agreement തയ്യാറാക്കുന്നതിന് e Stamping നിർബന്ധമാണ്. എന്നാൽ എന്ത് ചെയ്യണമെന്നോ എങ്ങിനെ ചെയ്യണമെന്നോ കൃത്യമായ നിർദേശം നൽകിയിട്ടില്ല എന്ന തിനാൽ പ്രായോഗികമായി സാധാരണ സ്റ്റാമ്പ് പേപ്പർ ഉപയോഗിച്ചു തന്നെയാണ് ഇപ്പോഴും നമ്മുടെ agreement തയ്യാറാക്കുന്നത്. ഗവണ്മെന്റ് e Stamping പ്രോത്സാഹിപ്പിക്കുന്ന നടപടികളുമായി കൂടുതൽ ശക്തമായി മുന്നോട്ട് പോകുകയാണ്. ഇതിന്റെ ഫലമായി സ്റ്റാമ്പ് പേപ്പറുകൾ ലഭിക്കുന്നതിൽ ഇനി മുതൽ ബുദ്ധിമുട്ട് വന്നേക്കാം. കൂടാതെ മാർച്ച് 1 മുതൽ പുതിയ സ്റ്റാമ്പ് പേപ്പർ പ്രിന്റിംഗ് ഉണ്ടാകില്ലെന്നും കേൾക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിങ്ങിൽ വിഷയം സംസാരിക്കുകയും, പ്രസ്തുത സർക്കുലർ നില നിൽക്കുന്നത് ഭാവിയിൽ ജീവനക്കാർക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കാൻ സാധ്യതയുണ്ട് എന്നതിനാൽ അത് ഉടൻ പിൻവലിക്കുകയോ മരവിപ്പിക്കുകയോ ചെയ്യണം എന്ന് ആവ ശ്യപ്പെട്ടിട്ടുണ്ട്. അടുത്ത നാളുകളിൽത്തന്നെ പൂർണമായും e Stamping രീതിയിലേക്ക് നാം മാറേണ്ടതായി വരും. അപ്പോൾ കൃത്യമായ നിർദേശങ്ങൾ ഉൾപ്പെടെയുള്ള സർക്കുലർ ഇറക്കുകയാണ് ചെയ്യേണ്ടത് എന്നും സംഘടന ആവശ്യപ്പെട്ടു. വിഷയത്തിന്റെ ഗൗരവം ബോധ്യപ്പെടുകയും ഉചിതമായ നടപടി ഉടൻ സ്വീകരിക്കുകയും ചെയ്യാമെന്ന് ഉറപ്പുനൽകി.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ